ഗവൺമെന്റിനോട് ആവശ്യപ്പെടുകയുണ്ടായി. കേന്ദ്ര സർക്കാർ ഈ ആവശ്യം അംഗീകരിക്കുകയുണ്ടായില്ല. എന്നു മാത്രമല്ല മേലിൽ മതിയായ രേഖകൾ ഇല്ലാത്ത അപേക്ഷകൾ ശുപാർശ ചെയ്യുന്നത് ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുകയുകയും ചെയ്തു. കേന്ദ്ര പെൻഷൻ നിയമാവലി അനുസരിച്ച് ഔദ്യോഗിക രേഖകൾ സഹിതം നൽകിയ അപേക്ഷകളിൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്. മറ്റ് അപേക്ഷകരുടെ കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കുന്നതാണ്. 45 കൊല്ലം കഴിഞ്ഞിട്ടാണ് പുന്നപ്ര-വയലാർ സമരസേനാനികൾക്ക് പെൻഷൻ കിട്ടിയത്. അത് ദേവഗൗഡ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്, അതിനുമുൻപ് കിട്ടിയിട്ടില്ല. കൊടുത്തിട്ടുമില്ല. കേന്ദ്രത്തിൽ സ്ഥിതിഗതികൾ മാറണോ വേണ്ടയോ എന്നുള്ളത് നിങ്ങൾ ചിന്തിച്ചാൽ മതി. ഇന്നത്തെ സ്ഥിതിക്ക് നമുക്ക് ആവശ്യപ്പെടാം; അഭ്യർത്ഥിക്കാം; സമ്മർദ്ദം ചെലുത്താം. പക്ഷേ അവർക്കു ആവശ്യമായ രേഖകൾ കിട്ടണം. രേഖ കിട്ടുന്നതാണ് പ്രശ്നം. ആ നിലയ്ക്ക് തീർച്ചയായും നമുക്ക് വീണ്ടും അഭ്യർത്ഥിക്കാം. ഞാൻ ശ്രീ. ഇന്ദ്രജിത് ഗുപ്തയോട് നേരിട്ട് സംസാരിച്ചു. അങ്ങനെയാണ് പുന്നപ്ര-വയലാർ സമരസേനാനികൾക്ക് പെൻഷൻ കിട്ടിയത്. അതിനുമുൻപ് 45 കൊല്ലങ്ങളായി പെൻഷൻ കിട്ടിയിട്ടില്ല. അതാണ് യാഥാർത്ഥ്യം. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താം, അതിന് സംശയമില്ല. എന്തായിരിക്കും കേന്ദ്രത്തിന്റെ സമീപനമെന്ന് എനിയ്ക്ക് പറയാൻ ആവുകയില്ല. എങ്കിലും അപേക്ഷകളിൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്. മറ്റ് അപേക്ഷകളുടെ കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാം. എം.എസ്.പി. സമരത്തിൽ പങ്കെടുത്തവരെ സംബന്ധിച്ച് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്.

(2) പത്തനംതിട്ടയിൽ നടന്ന പോലീസ് അതിക്രമം

ശ്രീ. അടൂർ പ്രകാശ് : സർ, കൊല്ലം ഡി.സി.സി. ആഫീസ് തല്ലിത്തകർത്തതിലും നേതാക്കളെ മർദ്ദിച്ചതിലും പ്രതിഷേധിച്ച് ഫെബ്രുവരി 7-ാം തീയതി രാവിലെ 11.00 മണിയ്ക്ക് പത്തനംതിട്ടയിൽ സമാധാമപരമായി പ്രതിഷേധ പ്രകടനം നടത്തുകയുണ്ടായി. നേതാക്കൾ പ്രസംഗിച്ചതിനുശേഷം സമാധാനപരമായി പിരിഞ്ഞുപോയ പ്രവർത്തകർക്കുനേരെ പത്തനംതിട്ട ഡിവൈ.എസ്.പി. പി.ജെ. ജോസിന്റെ നേതൃത്വത്തിൽ 250-ഓളം പോലീസുകാർ ഒരു കാരണവുമില്ലാതെ ലാത്തിച്ചാർജ്ജ് നടത്തുകയുണ്ടായി. ലാത്തിച്ചാർജ്ജിൽ ഡി.സി.സി. സെക്രട്ടറിയും മുനിസിപ്പൽ ചെയർമാനുമായ ശ്രീ. മോഹൻരാജ്, യൂത്ത് കോൺഗ്രസ്സ് ജില്ലാ പ്രസിഡന്റ് ശ്രീ. ആർ. ഇന്ദ്രചൂഡൻ, യൂത്ത് കോൺഗ്രസ്സ് ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ വെട്ടൂർ ജ്യോതിപ്രസാദ്, യൂത്ത് കോൺഗ്രസ്സ് ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ. എം.സി. ഷരീഫ്, യൂത്ത് കോൺഗ്രസ്സ് സംസ്ഥാന നിർവാഹക സമിതി അംഗം ശ്രീ. അനിൽ തോമസ്, കേരളാ കോൺഗ്രസ്സ് ജേക്കബ് ഗ്രൂപ്പ് വിഭാഗത്തിന്റെ ജില്ലാ പ്രസിഡന്റ് ശ്രീ. ഡെണ്ണി ജോർജ്ജ്, യൂത്ത് കോൺഗ്രസ്സ് ബ്ലോക്ക് പ്രസിഡന്റ് ശ്രീ. അനിൽ മണ്ണിൽ, ബ്ലോക്ക് സെക്രട്ടറി ശ്രീ. ജാസീൻകുട്ടി, മുനിസിപ്പൽ കൗൺസിലർ ശ്രീ. ഷാജഹാൻ, ശ്രീ. വിശ്വംഭരൻ തുടങ്ങിയവരെ മൃഗീയമായി തല്ലിച്ചതച്ചു. അനിൽതോമസിനെ ലാത്തികൊണ്ട് അടിച്ചു വീഴ്ത്തി. പത്തനംതിട്ട ടൗണിലെ റോഡിലൂടെ വലിച്ചിഴച്ച് പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയി. സ്റ്റേഷനിൽ കൊണ്ടുപോയി വീണ്ടും മൃഗീയമായി മർദ്ദിച്ചു. ഇതിനെല്ലാം നേതൃത്വം കൊടുത്തത് ഡിവൈ.എസ്.പി. പി.ജെ. ജോസാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ പ്രതിഷേധിച്ച് വൈകിട്ട് ഒരു പ്രകടനം നടത്തുകയുണ്ടായി. ആ പ്രകടനത്തിനെയും പോലീസ് ആക്രമിച്ചു. പ്രകടനക്കാർ പത്തനംതിട്ട കോഴഞ്ചേരി റോഡിലുള്ള ഭാരത് പെട്രോളിയം പമ്പിനു മുന്നിലെത്തിയപ്പോൾ എൻ.ജി.ഒ. യൂണിയൻ ഓഫീസിന്റെയും മാർക്സിസ്റ്റ് പാർട്ടി ലോക്കൽ കമ്മിറ്റി ആഫീസിന്റെയും സമീപത്തുള്ള ബിൽഡിംഗിൽ നിന്നും പ്രകടനത്തിനു നേരെ കല്ലേറുണ്ടായി. ഡിവൈ.എസ്.പി. പി.ജെ. ജോസിന്റെ നേതൃത്വത്തിൽ വീണ്ടും നരനായാട്ടാണ് വീണ്ടും അവിടെ നടന്നത്. പഞ്ചായത്ത് വൈസ് പ്രസിഡന്റും ഐ. എൻ.ടി.യു.സി. യുടെ ജില്ലാ സെക്രട്ടറിയുമായ പി.കെ. ഗോപിയുടെ തല അടിച്ചു പൊട്ടിച്ചു. മുനിസിപ്പൽ കൗൺസിലർ അരവിന്ദാക്ഷൻ നായർ, യൂത്ത് കോൺഗ്രസ്സ് നേതാവ് ഗോപാലകൃഷ്ണൻ നായർ, അജിത്കുമാർ, ഷിബു സി. സാം എന്നിവരുടെ തല അടിച്ചു പൊട്ടിച്ചു. പി.കെ. ഗോപിയേയും അരവിന്ദാക്ഷൻ നായരേയും ഗോപാലകൃഷ്ണനേയും പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയി മണിക്കൂറുകളോളം പോലീസ് സ്റ്റേഷനിൽ ഇട്ടിരുന്നു. അവരുടെ നില അപകടകരമാണെന്ന് പോലീസുകാർ ഡി.വൈ.എസ്.പി. യെ അറിയിച്ചപ്പോൾ അവന്മാർ അവിടെക്കിടന്ന് ചാകട്ടെയെന്നാണ് അദ്ദേഹത്തിന്റെ മറുപടി. അതുകൊണ്ട് ഡി.വൈ.എസ്.പി. പി.ജെ. ജോസിനെ സർവ്വീസിൽ നിന്നും മാറ്റി നിറുത്തിക്കൊണ്ട് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് നടപടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കൊല്ലാം എസ്.എൻ. കോളേജ് സംഭവത്തോടനുബന്ധിച്ച് ഫെബ്രുവരി 7-ന് വൈകുന്നരം പത്തനംതിട്ട ജില്ലയിൽ കോൺഗ്രസ്സ് പ്രവർത്തകർ പ്രകടനം നടത്തി. പ്രകടനക്കാർ കെ.എസ്.ആർ.ടി.സി. ബസ്സിനു നേരെ കല്ലെറിഞ്ഞു. 8.2.2000-ന് രാവിലെ 11.45 മണിയോടെ വീണ്ടും പ്രകടനം നടത്തി. പ്രകടനക്കാർ ദൂരദർശൻ വക ജീപ്പിനു കല്ലെറിഞ്ഞ് ജീപ്പ് ഡ്രൈവറെ പരിക്കേല്പിച്ചു. തുടർന്ന് പോലീസുകാർക്കെതിരെ കല്ലേറ് നടത്തി. കല്ലേറിൽ ഒരു സബ് ഇൻസ്പെക്ടർക്കും നാല് പോലീസുകാർക്കും പരിക്കു പറ്റി. പ്രകടനക്കാരെ അറസ്റ്റ് ചെയ്യാൻ ശ്രമിച്ചപ്പോൾ അവർ നാലുപാടും ഓടുകയും ഇരുമ്പ് ബാരിക്കേഡിൽ തട്ടിയും മറ്റും ഒൻപതു പേർക്ക് പരിക്കേൽക്കുകയുമുണ്ടായി. വീണ്ടും പ്രകടനം നടത്തിയ കോൺഗ്രസ്സ് (ഐ) പ്രവർത്തകർ രണ്ട് പ്രൈവറ്റ് ബസ്സുകളെയും ഒരു കെ.സ്.ആർ.ടി.സി. ബസ്സിനെയും കല്ലെറിഞ്ഞ് തകർത്തു. പ്രൈവറ്റ് ബസ്സിലെ ജീവനക്കാരനെ കയ്യേറ്റം ചെയ്തു. വൈകുന്നേരം പത്തനംതിട്ട മോസ്ക് കവലയിൽ വച്ച് നടത്തിയ കല്ലേറിൽ അഞ്ച് പോലീസുകാർക്ക് പരിക്കുപറ്റുകയും ഒരു പോലീസ് വാൻ തകരുകയും ചെയ്തു. തുടർന്ന് അറസ്റ്റ് ചെയ്യാൻ ശ്രമിക്കവേ പ്രകടനക്കാർ നാലുപാടും ചിതറിഓടുകയും കല്ലിലും മറ്റും തട്ടി വീണ് ചിലർക്ക് പരിക്കുപറ്റുകയും ചെയ്തു. ഈ സംഭവങ്ങളോടനുബന്ധിച്ച് പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ ആറ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

(3) ക്ഷീരവികസനസംഘം ജീവനക്കാരുടെ ആവശ്യങ്ങൾ

ശ്രീ. എം. മുരളി : സംസ്ഥാന ക്ഷീര സഹകരണസംഘങ്ങളിലെ ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് മൂന്നു ദിവസമായി കേരളാ അപ്കോസ് എംപ്ലോയീസ് യൂണിയന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന സെക്രട്ടേറിയേറ്റ് നടയിൽ നിരാഹാര സത്യാഗ്രഹമനുഷ്ഠിക്കുകയാണ്. മിൽമ

LIBRARY ARCHIVES Kerala Legislative Assembly